**വിവരാവകാശം / മറുപടി**

നമ്പർ: E4-41919/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 5-1-2018.

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
തിരുവനന്തപുരം.

ശ്രീമതി. ശാന്ത.കെ
അശ്വതി,
ഹൗസ് നമ്പർ-12,
ചിത്തിര നഗർ,
പൂവല്ലിയൂർകോണം,
പേരൂർക്കട പി.ഒ.

സർ,

വിഷയം: സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - വിവരാവകാശ നിയമം 2005 പ്രകാരം - മറുപടി നൽകുന്നത് - സംബന്ധിച്ച്-

സൂചന: താങ്കളുടെ 23.12.17ലെ അപേക്ഷ.

2005ലെ വിവരാവകാശ നിയമ പ്രകാരം താങ്കളാവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. 469.
2. വാച്ച്മാൻ - 78
3. (1) ഓഫീസ് അറ്റൻഡന്റ്, വാച്ച്മാൻ, വാച്ച് വുമൺ തസ്തികകളിൽ 29.6.15 മുതൽ ഇതുവരെ 74 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്.

   (2)&(3): ഒഴിവുകൾ നിലവിൽ വന്ന തീയതി, മാസം, PSCയ്ക്ക് റിപ്പോർട്ടു ചെയ്തതിന്റെ വിശദാംശങ്ങൾ എന്നിവയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ ഈ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ആയത് താങ്കൾക്ക് ആവശ്യമെങ്കിൽ നേരിട്ട് പരിശോധിക്കാവുന്നതാണ്.

   (4): 74 ഒഴിവുകളിൽ 70 ഒഴിവുകൾ PSCയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 29.12.17ൽ ഉണ്ടായ ഒരു ഓഫീസ് അറ്റൻഡന്റ് ഒഴിവ് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മറ്റ് രണ്ട് OA ഒഴിവുകളിൽ അന്തർ-വകുപ്പ് സ്ഥലംമാറ്റം നൽകുകയും ഒരു ഓഫീസ് അറ്റൻഡന്റ് ഒഴിവിൽ ആശ്രിത നിയമനം നൽകുകയും ചെയ്തിട്ടുണ്ട്.
4. സാമൂഹ്യനീതി വകുപ്പിലെ ഓഫീസ് അറ്റൻഡന്റ്, വാച്ച്മാൻ, വാച്ച്വുമൺ തസ്തികകളിലെ ഒഴിവുകൾ PSC വഴിയാണ് നികത്തുന്നത്. ആശ്രിത നിയമനം വഴി ജോലിയിൽ പ്രവേശിച്ചവരൊഴികെ മറ്റെല്ലാവരും PSC മുഖാന്തിരം നിയമിതരായവരാണ്.

*db@18*

5. എംപ്ലോയ്മെന്റ് വഴിയോ വർക്കിംഗ് അറേഞ്ച്മെന്റ് വഴിയോ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ആരും തന്നെ ജോലി ചെയ്യുന്നില്ല.

6. വകുപ്പിനു കീഴിലെ ക്ഷേമ സ്ഥാപനങ്ങളിൽ വാച്ച്മാൻ / വാച്ച്വുമൺ തസ്തികകളിൽ PSC നിയമനം നടക്കുന്നതുവരെ അടിയന്തിര സാഹചര്യത്തിൽ അതാത് കാര്യാലയമേധാവികൾ താൽക്കാലികാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാറുണ്ട്. ആയതിന്റെ വിവരങ്ങൾ ഈ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടില്ല.

7. വകുപ്പിൽ 2017 നവംബർ മാസം ജോലി ചെയ്ത എല്ലാ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരും നവംബർ മാസത്തിൽ ശമ്പളം കൈപ്പറ്റിയിട്ടുണ്ട്.

8. PSC-യ്ക്ക് റിപ്പോർട്ട് ചെയ്യാൻ സാധിക്കാത്ത ഒഴിവുകൾ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ഇല്ല.

9. 2015 ജൂൺ 29നു ശേഷം വാച്ച്മാൻ-51, വാച്ച്വുമൺ-14 എന്നിങ്ങനെ നിയമനങ്ങൾ നടന്നു.

10. 2015 ജൂൺ 29നു ശേഷം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 5 നിയമനങ്ങൾ നടന്നു.

11. 2015 ജൂൺ 29 മുതലുള്ള തസ്തികമാറ്റ നിയമനങ്ങളുടെ വിശദാംശങ്ങൾ ഈ കാര്യാലയത്തിൽ ക്രോഡീകരിച്ചു സൂക്ഷിച്ചിട്ടില്ല. എന്നാൽ താങ്കൾക്ക് ഈ കാര്യാലയത്തിൽ നേരിട്ടെത്തി ബന്ധപ്പെട്ട ഫയലുകൾ പരിശോധിക്കാവുന്നതാണ്.

12. 39.

13. പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ടു ചെയ്തിട്ടില്ല. ഈ കാര്യാലയത്തിൽ ലഭ്യമായ കണക്കുകൾ പ്രകാരം 2018 ജനുവരി 1 മുതൽ 2018 ഡിസംബർ 31 വരെ ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ രണ്ട് പ്രതീക്ഷിത ഒഴിവുകളുണ്ട്.

| | | |
|---|---|---|
| വിരമിക്കുന്നവരുടെ എണ്ണം | - | 2 |
| തസ്തിക | - | ഓഫീസ് അറ്റൻഡന്റ് |
| വിരമിക്കൽ തീയതി | - (1) | 30.4.2018 |
| | - (2) | 31.5.2018 |

14. മേൽ മറുപടി താങ്കൾക്ക് തൃപ്തികരമല്ല എങ്കിൽ അപ്പീൽ അധികാരിയായ ശ്രീമതി. കെ.ഗീത, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ & അപ്പലേറ്റ് അതോറിറ്റി, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ്ഭവൻ, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

എസ്. രാജീവ്കുമാർ
സീനിയർ സൂപ്രണ്ട് &
സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്

db@18